## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.5745 02.07.2014 -ൽ മറുപടിയ്ക്ക്

### എംപ്ലോയിബിലിറ്റി സെന്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.വി.രാജേഷ് | | ശ്രീ.ഷിബു ബേബി ജോൺ (ബഹു.തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി) | |
| (എ) | എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണ് എംപ്ലോയിബിലിറ്റി സെന്ററുകളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളത് ; എത്ര എണ്ണം ഇതിനകം എംപ്ലോയിബിലിറ്റി സെന്ററാക്കി മാറ്റിയിട്ടുണ്ട്; | (എ) | സംസ്ഥാനത്തെ പതിനാല് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയിബിലിറ്റി സെന്ററുകൾ ഘട്ടം ഘട്ടമായി ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ 2012-2013 സാമ്പത്തികവർഷം കൊല്ലം, എറണാകുളം കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പവും 2013-2014 സാമ്പത്തികവർഷം കണ്ണൂർ, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയിബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എംപ്ലോയിബിലിറ്റി സെന്റർ മുഖേന തൊഴിലന്വേഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദീകരിക്കാമോ? | (ബി) | എംപ്ലോയിബിലിറ്റി സെന്റർ എന്ന പദ്ധതി പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ അഭിരുചി വിവിധ ടെസ്റ്റുകൾ നടത്തി കണ്ടെത്തുകയും സോഫ്റ്റ് സ്കില്ലുകളിൽ പരിശീലനം നൽകിക്കൊണ്ട് അവരെ തൊഴിലിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. പൊതു/സ്വകാര്യ മേഖലകളിലെ തൊഴിൽ ദാതാക്കളുമായി സഹകരിച്ചുകൊണ്ട് ഇപ്രകാരം പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് ജോലി നേടിക്കൊടുക്കുന്നതിന് സഹായിക്കുന്നു. |

സെക്ഷൻ ഓഫീസർ